DESPATCHED
On..13/4/22.

30/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2369*(2)/2016*** *എസ്.ഐ.സി.* തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14117**/*എസ്.ഐ.സി-ജി 6/2016*)

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അജിത്കുമാർ എസ്,
പ്രണവം, റ്റി.സി 18/1818(1),
പ്ലാവിള, തിരുമല (പി.ഒ),
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & എംപ്ലോയ്മെന്റ് ഓഫീസർ(എസ്.ഇ), ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & റീജിയണൽ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ, മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ഉപ്പളം റോഡ്, തിരുവനന്തപുരം -1.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/06/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25/07/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09/08/2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15/11/2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15/11/2016 |
| ഹിയറിംഗ് നടന്ന തീയതി | 30.03.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അജിത്കുമാർ എസ്, 15/11/2016 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2369(2)/2016/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 03/06/2016 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 24/06/2016-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത് ചോദ്യം നമ്പർ (1)-ന് ടി ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതായി കാണുന്നില്ലെന്നും, ചോദ്യം നമ്പർ(2)-ന് ടി കാര്യാലയവുമായി ബന്ധപ്പെട്ടതായി കാണുന്നില്ലെന്നും ചോദ്യം നമ്പർ (3)-ന് വിവരാവകാശ നിയമപ്രകാരം ഉള്ള ടിയാളുടെ 06/05/2016 തീയതിയിലെ ചോദ്യത്തിനു മറുപടിയായി അറിയിച്ച അതേ വിവരം ടിയാളുടെ പേര് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല എന്നും, രജിസ്ട്രേഷൻ റെക്കോർഡിന്റെ ഡ്യൂപ്ലിക്കേറ്റ് തയ്യാറാക്കുന്നതിന് സർട്ടിഫിക്കറ്റുകളുമായി ഹാജരാകുവാൻ രേഖാമൂലവും നേരിട്ടും ആവശ്യപ്പെട്ടിട്ടും ടിയാൻ അനുസരിക്കുകയോ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയോ ചെയ്യാത്തതു നിമിത്തം ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുമാണ്.

4. 25/07/2016 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. ആയതിന് 09/08/2016-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 15/12/2016 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 03/06/2016-ലെ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നിയമാനുസരണം ടിയാന് വിവരങ്ങൾ ലഭ്യമാക്കിയിരുന്നുവെങ്കിലും ടിയാളുടെ അപേക്ഷയിലെ ചോദ്യം നമ്പർ (2)-ന് വ്യക്തമായ മറുപടി നൽകിയിട്ടുണ്ടായിരുന്നില്ലെന്നും ആയതിനാൽ ടിയാളുടെ ചോദ്യം നമ്പർ (2)-ൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിക്കൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ 09/08/2016 പ്രകാരം ടിയാന് മറുപടി നൽകികൊണ്ട് തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മേൽ നടപടി അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേദിവസം 2022 മാർച്ച് 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

AV